**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 141** **19-01-2021 - ൽ മറുപടിയ്ക്ക്**

**കോളേജുകളുടെയും സർവകലാശാലകളുടെയും അടിസ്ഥാനസൗകര്യ വിപുലീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എം. നൗഷാദ് ,<br>ശ്രീ. ആർ.രാജേഷ്,<br>ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ വി. കെ. സി. മമ്മത് കോയ | | Dr.K.T.Jaleel<br>(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം സർക്കാർ, എയ്ഡഡ് കോളേജുകളുടെയും സർവകലാശാലകളുടെയും അടിസ്ഥാനസൗകര്യ വിപുലീകരണത്തിന് നടത്തിയ പ്രവർത്തനങ്ങൾ അറിയിക്കാമോ; അർഹമായ തോതിൽ റൂസ ഫണ്ട് നേടിയെടുക്കാനായിട്ടുണ്ടോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കേരളത്തിലെ സർക്കാർ കോളേജുകളുടെ അടിസ്ഥാന സൗകര്യ വിപുലീകരണത്തിനായി വിവിധ ശീർഷകങ്ങളിലായി താഴെ പട്ടിക പ്രകാരമുള്ള തുക ബജറ്റിൽ വകയിരുത്തി നൽകിയിട്ടുണ്ട്. ക്രമ നം. വർഷം തുക 1 2016-17 38 കോടി 2 2017-18 42.5 കോടി 3 2018-19 44.6 കോടി 4 2019-20 75 കോടി 5 2020-21 77 കോടി കൂടാതെ Asset Maintenance Fund ൽ ഉൾപ്പെടുത്തി 2016-17 സാമ്പത്തിക വർഷം 16.81 കോടി രൂപയും 2020-21 സാമ്പത്തികവർഷം 11.73 കോടി രൂപയും വിവിധ കോളേജുകളുടെയും ഹോസ്റ്റലു കളുടെയും അറ്റകുറ്റപണി നടത്തുന്നതി നായി അനുവദിച്ചിട്ടുണ്ട്. സർക്കാർ ആർട്സ് & സയൻസ് കോളേജുകളെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി കോളേജിന്റെ സമഗ്രവികസനവുമായി ബന്ധപ്പെട്ട് 48 സർക്കാർ ആർട്സ് & സയൻസ് കോളേജുകൾക്ക് 8.5 കോടി രൂപ വീതവും 5 പൈതൃക കോളേജുകൾക്ക് 30 കോടി രൂപ വീതവും 12 പുതിയ കോളേജുകൾക്ക് 10 കോടി രൂപ വീതവും അനുവദിച്ചിട്ടുണ്ട്. സംസ്ഥാനത്തെ സർക്കാർ/ എയ്ഡഡ് കോളേജുകളുടെയും സർവ്വകലാശാലകളുടെയും അടിസ്ഥാന സൗകര്യ വികസനത്തിനും അക്കാദമിക ഗുണമേൻമാ വർദ്ധനവിനുമായി റൂസ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ താഴെപ്പറയുന്നവയാണ്. റൂസ 1-ാം ഘട്ടത്തിന്റെ ഭാഗമായി കേരളത്തിലെ ആറ് യൂണിവേഴ്സിറ്റി കൾക്ക് ഘടകം 3 പ്രകാരം 20 കോടി രൂപ വീതവും ഗവൺമെന്റ് കോളേജുകൾക്ക് ഘടകം 7 പ്രകാരം 2 കോടി രൂപ വീതവും അടിസ്ഥാന സൗകര്യ വികസനത്തിനായി സാമ്പത്തിക |

സഹായം അനുവദിക്കുകയു ണ്ടായി. കൂടാതെ മാതൃകാ കോളേജ് പദ്ധതിയിൽ (ഘടകം 5) ഉൾപ്പെടുത്തി മൂന്നാർ ഗവൺമെന്റ് കോളേജിന് 4 കോടി രൂപയും ഘടകം II ൽ ഉൾപ്പെടുന്ന ഫാക്കൽറ്റി ഇംപ്രൂവ്മെന്റ്നുവേണ്ടി കേരള യൂണിവേഴ്സിറ്റിയുടെകീഴിലെ അക്കാദമിക്ക് സ്റ്റാഫ് കോളേജിന് 1 കോടി രൂപയും അനുവദിക്കുകയുണ്ടായി . റൂസ രണ്ടാം ഘട്ടത്തിന്റെ ഭാഗമായി 4 പ്രധാന ഘടകങ്ങളിൽ ഉൾപ്പെടുത്തി യാണ് സംസ്ഥാനത്തിന് കേന്ദ്രസഹായം ലഭ്യമാകുന്നത്. ഘടകം 5 പ്രകാരം മാതൃകാ ഡിഗ്രികോളേജ് ആരംഭിക്കുന്നതി നായി 12 കോടി ലഭിക്കുന്ന പദ്ധതിയുടെ സംസ്ഥാനതല നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ആവശ്യമായ രേഖകൾ കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്. ഘടകം 8 പ്രകാരം സ്വയം ഭരണകോളേജുകളുടെ ഗുണനിലവാരം ഉയർത്തുന്നതിനുള്ള പദ്ധതിയിൽ 5 സ്വയം ഭരണകോളേജുകൾക്ക് 5 കോടി വീതമാണ് ലഭ്യമാകുന്നത്. കൂടാതെ സംസ്ഥാനത്ത് സർക്കാർ മേഖലയിലെ ഏക സ്വയം ഭരണസ്ഥാപനമായ മഹാരാജാസ് കോളേജിന് ഈ ഘടകത്തിൽ ഉൾപ്പെടുത്തി ഫണ്ട് ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ സംസ്ഥാനം പൂർത്തീകരിച്ച് കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്. ഘടകം 9 പ്രകാരം കോളേജുകളുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ 2 കോടി രൂപ വീതമാണ് സംസ്ഥാനത്തെ അർഹരായ ഗവൺമെന്റ്/എയ്ഡഡ് കോളേജുകൾക്ക് ലഭ്യമാകുന്നത്. ഘടകം 10 പ്രകാരം ഗവേഷണ മേഖലയിലെ ഗുണനിലവാരം ഉയർത്തുന്നതിനുള്ള പദ്ധതിയിൽ ഉൾപ്പെടുത്തി 50 കോടി രൂപ വീതമാണ് ഗവേഷണ രംഗത്ത് മികച്ച നേട്ടങ്ങൾ കൈവരിച്ച തെരഞ്ഞെടുക്കപ്പെട്ട സർവ്വകലാശാലകൾക്ക് ലഭ്യമാകുന്നത്. ഈ പദ്ധതിയിൽ മഹാത്മാഗാന്ധി സർവ്വകലാശാലയും കുസാറ്റുമാണ് പങ്കാളികൾ. കേന്ദ്ര ഗവൺമെന്റ് അനുവദിക്കുന്ന തുകയുടെ തുല്ല്യമായ ധനവിനിയോഗ സർട്ടിഫിക്കറ്റ് സംസ്ഥാനം നൽകുമ്പോൾ മാത്രമാണ് പദ്ധതി തുടർ ഫണ്ട് ഗഡുകളായി അനുവദിക്കപ്പെടുന്നത്. അപ്രകാരം ധനവിനിയോഗ സർട്ടിഫിക്കറ്റ് യഥാസമയം നൽകപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ റൂസ പദ്ധതിയിൽ സംസ്ഥാനത്തിന് ഇതുവരെ 183.86 കോടി രൂപയുടെ കേന്ദ്ര ഫണ്ട് ലഭ്യമായിട്ടുണ്ട്. ടി തുകയ്ക്ക് ആനുപാതികമായുള്ള ഫണ്ട് സംസ്ഥാനം

| | | | |
|---|---|---|---|
| | | | അനുവദിച്ച് കൊണ്ട് റൂസ പദ്ധതി സംസ്ഥാനം നടപ്പാക്കിവരുകയാണ്. |
| (ബി) | വിദഗ്ധസമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ നൂതന കോഴ്സുകൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; പരീക്ഷാരീതിയിലുൾപ്പെടെ വരുത്തേണ്ട നവീകരണം സംബന്ധിച്ച മറ്റെന്തെല്ലാം ശിപാർശകളാണ് വിദഗ്ധസമിതി സമർപ്പിച്ചിരിക്കുന്നത്; | (ബി) | സർക്കാർ നിശ്ചയിച്ച വിദഗ്ദസമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ G.O(Ms) 389/2020/H.EDN Dated 05.11.2020, G.O(MS) 431/2020/H.EDN Dated 11.12.2020, G.O(MS) 473/2020/H.EDN Dated 30.12.2020 ഉത്തരവുകൾ പ്രകാരം കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള 47 സർക്കാർ കോളേജുകളിലായി 49 കോഴ്സുകളും 105 സർക്കാർ എയ്ഡഡ് കോളേജുകളിലായി 117 കോഴ്സുകളും ആരംഭിച്ചിട്ടുണ്ട്. വിദഗ്ധസമിതിയുടെ പ്രധാന ശിപാർശകൾ ചുവടെ ചേർക്കുന്നു. 1. NAAC-A ഗ്രേഡ്/NIRF റാങ്കിംഗിൽ 100 നുള്ളിലോ ഉള്ള കോളേജുകൾ/സർവ്വകലാശാല കൾക്ക് 4 വർഷ ഹോണേഴ്സ് ഡിഗ്രി അനുവദിക്കണം 2. ട്രിപ്പിൾ മെയിൻ പ്രോഗ്രാമുകൾ അനുവദിക്കണം അതിൽ ഒന്ന് ന്യൂജനറേഷൻ കോഴ്സ് ആയിരിക്കണം. 3. നാലാമത്തെ വർഷം ഏതെങ്കിലും സ്പെഷ്യലൈസേഷന് അവസരം നൽകുന്ന നിലയിൽ 4 വർഷ പ്രോഗ്രാമുകൾ ആരംഭിക്കാവുന്നതാണ്. 4. മൈനർ ഡിഗ്രി പ്രോഗ്രാമുകൾ ആരംഭിക്കണം 5. തൊഴിലധിഷ്ഠിത സ്കിൽ ഡെവലപ്പ്മെന്റ് പ്രോഗ്രാമുകൾ ആരംഭിക്കണം. 6. Course based Undergraduate Research പ്രോഗ്രാമുകൾ ആരംഭിക്കണം. |
| (സി) | വർഷങ്ങളായി അധ്യാപകരുടെ കുറവ് നിലവിലുണ്ടായിരുന്നത് പരിഹരിക്കാൻ നടപടിയെടുത്തിരുന്നോ; വിശദാംശം ലഭ്യമാക്കുമോ? | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ കോളേജുകളിൽ 375 അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുകയും 322 തസ്തികകളിൽ നിയമനം നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ എയ്ഡഡ് മേഖലയിലെ കോളേജുകളിൽ 753 തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. സർവ്വകലാശാലകളിലും വിവിധ അദ്ധ്യാപക തസ്തികകൾ ഇക്കാലയള വിൽ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ